കെ.സി ജലീല്‍ പുളിക്കല്‍

# കരുത്തുറ്റ വിശ്വാസം

عَنْ عَبْدِ اللَّهِ ابْنِ عَبَّاسٍ رضي الله عنهما قَالَ: كُنْتُ خَلْفَ النَّبِيِّ فَقَالَ: يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَاتٍ: احْفَظِ اللَّهَ يَحْفَظْكَ، اتَّقِ اللَّهَ تَجِدْهُ تُجَاهَكَ، وَاعْلَمْ: أَنَّ الْأُمَّةَ لَوِ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ، لَنْ يَنْفَعُوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ لَكَ، وَلَوِ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ، لَنْ يَضُرُّوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ: رُفِعَتِ الْأَقْلَامُ، وَجَفَّتِ الصُّحُفُ (بخاری، مسلم).

**അബ്ദുല്ലാഹിബ്നു അബ്ബാസില്‍നിന്ന്: അദ്ദേഹം പറഞ്ഞു: ഞാന്‍ നബി(സ)യുടെ പിന്നില്‍ യാത്ര ചെയ്യുകയായിരുന്നു. അപ്പോള്‍ അവിടുന്ന് പറഞ്ഞു: "മോനേ, ഞാന്‍ നിനക്ക് ചില വചനങ്ങള്‍ പഠിപ്പിച്ചുതരാം: അല്ലാഹുവെ നിന്റെ ശ്രദ്ധാ കേന്ദ്രമാക്കുക, എങ്കില്‍ അവന്‍ നിന്നെ ശ്രദ്ധയോടെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിച്ചനുസരിച്ച് ജീവിക്കുക. എങ്കില്‍ അവനെ നിനക്ക് മുന്നില്‍ കാണാം. നീ അറിയണം: സമൂഹം ഒന്നടങ്കം ഒത്തുചേര്‍ന്ന് നിനക്കൊരു ഉപകാരം ചെയ്യണമെന്ന് തീരുമാനിച്ചാലും അല്ലാഹു നിനക്കുവേണ്ടി രേഖപ്പെടുത്തിയതല്ലാത്ത ഒരു ഉപകാരവും നിനക്ക് ചെയ്തുതരാന്‍ അവര്‍ക്ക് സാധിക്കുകയില്ല. ഇനി നിനക്ക് വല്ല ഉപദ്രവവും ചെയ്യാന്‍ അവര്‍ ഒത്തുചേര്‍ന്ന് തീരുമാനിച്ചാലും അല്ലാഹു നിനക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഒരു ഉപദ്രവവും ചെയ്യാന്‍ അവര്‍ക്കാവില്ല. പേനകള്‍ ഉയര്‍ത്തപ്പെടുകയും കടലാസ് ഉണങ്ങുകയും ചെയ്തിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).**

'ദീനില്‍ അഗാധജ്ഞാനമുള്ളവന്‍' എന്ന ബഹുമതി നബി (സ) നേരിട്ട് നല്‍കിയ പ്രമുഖ സ്വഹാബിയാണ് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ). തന്റെ പിതൃസഹോദരന്‍ അബ്ബാസിന്റെ മകനായ അബ്ദുല്ലയെ പ്രവാചകന്‍ ചെറുപ്പത്തിലേ ഏറ്റെടുത്ത് വളര്‍ത്തുകയായിരുന്നു. ഭൗതിക വിഭവങ്ങള്‍ക്കൊപ്പം വൈജ്ഞാനിക വിഭവങ്ങളും അബ്ദുല്ലക്ക് നല്‍കിവളര്‍ത്തിക്കൊണ്ടുവരാന്‍ പ്രവാചകന്‍ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുന്ന, കാര്യങ്ങള്‍ വിവേചന ബുദ്ധിയോടെ നോക്കിക്കാണാനാരംഭിക്കുന്ന ഘട്ടത്തിലാണ് സഹയാത്രികനായി തന്നോടൊപ്പമുള്ള അബ്ദുല്ലക്ക് വിജയ സൗഭാഗ്യങ്ങള്‍ക്ക് അടിത്തറയായിത്തീരേണ്ട ചില സുപ്രധാന കാര്യങ്ങള്‍ പ്രവാചകന്‍ പഠിപ്പിക്കുന്നത്. ഏറെ സുപ്രധാന കാര്യങ്ങളാണ് പഠിപ്പിച്ചുതരുന്നതെന്നും അതിനെ ഗൗരവത്തില്‍ കാണണമെന്നും ഉണര്‍ത്തുകയാണ് 'ഞാന്‍ നിനക്ക് ചില വചനങ്ങള്‍ പഠിപ്പിച്ചു തരാം' എന്ന ആമുഖത്തില്‍.

'അല്ലാഹുവെ നിന്റെ ശ്രദ്ധാകേന്ദ്രമാക്കുക' എന്നതാണ് ഒന്നാമത്തെ കാര്യം. തിരുദൂതര്‍ അതിനുപയോഗിച്ച അറബി പദം വിപുലമായ ആശയങ്ങള്‍ ഉള്‍ക്കൊള്ളുന്നുണ്ട്. സ്രഷ്ടാവും സര്‍വശക്തനും സര്‍വജ്ഞനും ഉടമസ്ഥനുമായ അല്ലാഹു മാത്രമാണ് നിനക്കുള്ള ഏകാവലംബവും ആശ്രയവും. അവന്റെ അനുഗ്രഹങ്ങള്‍ അളവറ്റതാണ്. അതിനാല്‍ വിശ്വാസികള്‍ അല്ലാഹുവെ അതിരറ്റ് സ്നേഹിക്കണം. അവന്റെ കരുണാകടാക്ഷം ലഭിക്കലാകണം വിശ്വാസിയുടെ ജീവിതാഭിലാഷം.

തന്റെ ഇഷ്ടാനിഷ്ടങ്ങള്‍ അല്ലാഹുവിന്റെ ഇഷ്ടാനിഷ്ടങ്ങള്‍ക്ക് വിധേയമാക്കുക, താന്‍ നല്‍കുന്നതും തടയുന്നതുമെല്ലാം അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ചാവുക, അല്ലാഹുവിന്റെ വചനം ഭൂമിയില്‍ ഉന്നതിപ്രാപിക്കുന്നത് തനിക്കേറ്റവും ആഹ്ളാദകരമാവുക, തന്റെ സര്‍വസ്വവും അതിനു വേണ്ടി സമര്‍പ്പിക്കാന്‍ തയാറാവുക-ഇതാണ് വിശ്വാസിയുടെ നിലപാട്. ഇതോടെ വിശ്വാസി അല്ലാഹുവിന്റെ ഇഷ്ടദാസന്മാരില്‍ ഉള്‍പ്പെടുന്നു. അവന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുക്കുന്നു. അവനെ ശാശ്വത വിജയത്തിന്റെ വഴിയില്‍ നടത്തുന്നു. ശാശ്വത വിജയത്തിനാവശ്യം താല്‍ക്കാലിക പരീക്ഷണങ്ങളും പ്രയാസങ്ങളുമാണെങ്കില്‍ അത് നല്‍കുന്നു. ഇതാണ് തിരുവചനത്തില്‍ ഒന്നാമതായി പറഞ്ഞ കാര്യം.

'അല്ലാഹുവെ സൂക്ഷിച്ചു ജീവിതം ക്രമീകരിക്കുക', അഥവാ 'മുത്തഖി'യാവുക എന്നതാണ് രണ്ടാമത്തെ കാര്യം. സര്‍വാത്മനാ അല്ലാഹുവെ അംഗീകരിച്ച് എല്ലാ ശ്രദ്ധയും അല്ലാഹുവിലായിത്തീരുക എന്ന ഒന്നാമത്തെ കാര്യത്തിന്റെ അനുബന്ധവും അനിവാര്യഫലവുമാണ് 'മുത്തഖി'യാവുക എന്നത്. ജീവിതത്തിന്റെ സര്‍വത്ര രംഗങ്ങളെയും അല്ലാഹുവിന്റെ വിധിവിലക്കുകള്‍ക്ക് അനുസൃതമാക്കുകയും ക്രമപ്പെടുത്തുകയുമാണ് 'തഖ്‌വ'. ഇതിന്നാദ്യമായി വേണ്ടത് അല്ലാഹുവിന്റെ ആജ്ഞകളും നിര്‍ദേശങ്ങളും പഠിച്ചുള്‍ക്കൊള്ളലാണ്.

ഖുര്‍ആനാണ് അല്ലാഹുവിന്റെ വചനം. അത് സൂക്ഷ്മതയോടെ പഠിക്കണം. പിശാചില്‍നിന്ന് അഭയം തേടി ഖുര്‍ആന്‍ നേര്‍ക്കുനേരെ പഠിക്കാന്‍ എത്ര എളുപ്പമാണ്! ഒരു ശാസ്ത്രശാഖയില്‍ ബിരുദമെടുക്കാന്‍ പഠിക്കേണ്ട ഒരു മുഖ്യ ഗ്രന്ഥത്തിന്റെ സങ്കീര്‍ണതപോലുമില്ല.

ഖുര്‍ആനിന്റെ പ്രായോഗിക രൂപമാണ് നബിചര്യ. മുത്തഖിയാകാനാഗ്രഹിക്കുന്നവര്‍ക്ക് ഇതും ലളിതം. അങ്ങനെ ജീവിതത്തിന്റെ ഓരോ കാല്‍വെപ്പും അല്ലാഹുവിന്റെ കല്‍പനക്കും റസൂലിന്റെ ചര്യക്കും അനുസൃതമായിത്തീരുന്നു. അല്ലാഹുവിന്റെ പ്രീതിയാഗ്രഹിച്ച്, വഴിതെറ്റുന്നത് ശ്രദ്ധിച്ച്, അവന്റെ മാര്‍ഗത്തില്‍ മുന്നേറുമ്പോള്‍ തന്റെ എല്ലാമായ ലോകരക്ഷിതാവ് തന്നെ സത്യസരണിയില്‍ നയിച്ചുകൊണ്ടുപോവുകയാണെന്ന തോന്നല്‍ വല്ലാത്ത അനുഭൂതിയായിരിക്കും. അതാണ്, അവനെ നിനക്ക് അപ്പോള്‍ മുന്നില്‍ കാണാം എന്ന് നബി (സ) പറഞ്ഞതിന്റെ പൊരുള്‍.

വിശ്വാസത്തിന്റെയും കര്‍മത്തിന്റെയും പാതയിലൂടെ കരുത്താര്‍ജിച്ച് മുന്നേറുന്ന വിശ്വാസിക്ക് ധൈര്യവും സ്ഥൈര്യവും നല്‍കുന്നതാണ് തിരുവചനത്തിന്റെ അവസാന ഭാഗം. ലോകമൊന്നാകെ സര്‍വസജ്ജീകരണങ്ങളുമായി വന്നാലും അല്ലാഹുവിന്റെ വിധിക്കു മുമ്പില്‍ എല്ലാവരും നിസ്സഹായര്‍ എന്ന 'വിധിയിലുള്ള വിശ്വാസം' (എല്ലാവരുടെയും വിധി നേരത്തെ രേഖപ്പെടുത്തിക്കഴിഞ്ഞു എന്നതിന്റെ ആലങ്കാരിക പ്രയോഗമാണ് 'പേനകള്‍ ഉയര്‍ത്തപ്പെട്ടു; കടലാസുണങ്ങി' എന്നത്) എക്കാലവും വിസ്മയാവഹമായ കരുത്ത് നല്‍കാന്‍ പര്യാപ്തമാണ്. നിഷ്ക്രിയത്വത്തിനുള്ള ന്യായീകരണമല്ല 'ഖദ്റിലുള്ള വിശ്വാസം' എന്ന പാഠവും ഈ നബിവചനം നല്‍കുന്നുണ്ട്. ●

Vol. No: 73 Issue No. 35 Printed (at Roshni Press, Kozhikode-12) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid